50 കോടി രൂപ വിനിയോഗിച്ച് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖകൾ നൽകുന്നതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നടത്തപ്പെട്ട നിൽപ്പുസമരം അവസാനിപ്പിക്കുന്നതിന് 17-12-2014-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗതീരുമാനങ്ങൾ നടപ്പിലാക്കിവരുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

19 (*349) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ്-വഖഫുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന സിലബസ് ഏതാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം സ്കൂളുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ക്ലാസുകളാണ് പ്രസ്തുത സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ്-വഖഫുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ പത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ടി പദ്ധതിക്കായുള്ള ഭരണാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാകുന്നമുറയ്ക്ക് ഈ സ്കൂളുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സി.ബി.എസ്.ഇ. സിലബസാണ് ഈ സ്കൂളുകളിൽ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) അനുബന്ധം -I ആയി ചേർക്കുന്നു.*

(ഡി) I മുതൽ 12 വരെയുള്ള ക്ലാസുകളാണ് ഈ സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

സഹകരണ സംഘങ്ങളുടെ വികസനം

20 (*350) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് ഈ മേഖലയിൽ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ&ബി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.റ്റി.ജി.എസ്., എൻ.ഇ.എഫ്.ടി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ആണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടേയും അർബൻ സഹകരണ ബാങ്കുകളുടേയും ഭരണസമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള രണ്ടു പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly